(ബി) കച്ചവട സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ അനുയോജ്യമായ കെട്ടിടം ലഭ്യമാകാത്തതാണ് കാലതാമസത്തിന് കാരണം.

(സി) പഞ്ചായത്തധികൃതരോട് മൂടാടി ടൗണിൽ സൗകര്യപ്രദമായ കെട്ടിടം ലഭ്യമാക്കാൻ അഭ്യർത്ഥിച്ചിട്ടുണ്ട്. അനുയോജ്യമായ കെട്ടിടം ലഭിക്കുന്ന മുറയ്ക്കു മാവേലിസ്റ്റോർ പ്രവർത്തനമാരംഭിക്കുവാൻ കഴിയും.

131 (150) വെയർഹൗസിംഗ് കോർപ്പറേഷന് സ്ഥലമെടുക്കാൻ നടപടി

ശ്രീ. മാമ്മൻ മത്തായി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവല്ല താലൂക്കിൽ കുറ്റപ്പുഴ വില്ലേജിൽ മഞ്ഞാടിയിൽ അനിമൽ ഹസ്ബന്ററി ഡിപ്പാർട്ട്മെന്റിന് കീഴിലുള്ള 9 ഏക്കർസ്ഥലം സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷന് വിട്ടുകൊടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്ഥലം വിട്ടുകൊടുക്കുന്നത് സംബന്ധിച്ച നടപടി ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) നിർദ്ദേശം നിലവിൽ പരിഗണനയിലില്ല.

132 (151) ടൂറിസം വികസനം

ശ്രീ. എ.അലിഹസ്സൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വികസനത്തിന്റെ ഭാഗമായി വർക്കലയിൽ എന്തെല്ലാം പ്രവർത്തനങ്ങൾ സർക്കാർ ഇതിനകം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എന്തൊക്കെ പ്രവർത്തനങ്ങൾ പുതുതായി നടപ്പാക്കാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്;

(സി) ടൂറിസം വികസനവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ഷൊർണ്ണൂർ ജലപാത വികസിപ്പിക്കുന്നതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ഡി) ഇതിൽ നെടുങ്കണ്ട മുതൽ കാപ്പിൽ വരെയുള്ള ജലപാതയുടെ വികസനം സംബന്ധിച്ച നടപടി ഏത് ഘട്ടത്തിൽ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വർക്കല പാപനാശം കടപ്പുറത്ത് വന്നെത്തുന്ന വിനോദസഞ്ചാരികൾക്ക് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി വർക്കല ക്ലിഫിൽ താത്ക്കാലിക ഫെൻസിംഗ്, ബീച്ച് ലൈറ്റുകൾ, ക്ലിഫിൽ നിന്ന് ബീച്ചിലേക്ക് ഇറങ്ങാൻ നടപ്പാത എന്നിവയും സഞ്ചാരികൾക്ക് വേണ്ട വിവരങ്ങൾ നൽകാൻ വേണ്ടി ഒരു ഫെസിലിറ്റേഷൻ സെന്ററും സ്ഥാപിക്കുകയുണ്ടായി. ബീച്ചിൽ കൂടുതൽ ലൈഫ്ഗാർഡുകളെയും വിദഗ്ധ പരിശീലനം ലഭിച്ച ലൈഫ്ഗാർഡ് സൂപ്പർവൈസർമാരെയും നിയമിച്ചിട്ടുണ്ട്. വർക്കല

LIBRARY ARCHIVES Kerala Legislative Assembly